"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - വണ്ടൂർ നിയോജക മണ്ഡലം - റോഡ് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1/2026/DMD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 501/2023/ഡി.എം.ഡി. തീയതി, 14.08.2023.
2. സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി. തീയതി, 21.09.2023.
3. ബഹു. വണ്ടൂർ എം. എൽ. എ. ശ്രീ. എ. പി. അനിൽ കുമാറിന്റെ 03.11.2025 തീയതിയിലെ Ref. No. 150/WDR/2025 കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന തണ്ടുകോട് - പിലാത്തോട്ടം റോഡ് (ക്രമ നം. 46) , അഞ്ചച്ചവിടി - പരിയങ്ങാട് - മണ്ണാട്ടുപാറ റോഡ് (ക്രമ നം. 47) എന്നീ പ്രവൃത്തികളുടെയും പരാമർശം (2) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കറുത്തേനി - വെള്ളയൂർ - അസൈനാർപടി റോഡ് ( മലപ്പുറം ജില്ല- ക്രമ നം. 2) എന്ന പ്രവൃത്തിയുടെയും ടെണ്ടർ ചെയ്ത് കരാറുകാർ ഏറ്റെടുത്തെങ്കിലും അപ്രതീക്ഷിതമായി വന്ന കാലവർഷം കാരണം ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി റോഡ് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ബഹു. വണ്ടൂർ എം. എൽ. എ. പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. വണ്ടൂർ എം. എൽ. എ. യുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന തണ്ടുകോട് - പിലാത്തോട്ടം റോഡ് (ക്രമ നം. 46), അഞ്ചച്ചവിടി - പരിയങ്ങാട് - മണ്ണാട്ടുപാറ റോഡ് (ക്രമ നം. 47) എന്നീ പ്രവൃത്തികളുടെയും പരാമർശം (2) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കറുത്തേനി - വെള്ളയൂർ - അസൈനാർപടി റോഡ് (മലപ്പുറം ജില്ല - ക്രമ നം. 2) എന്ന പ്രവൃത്തിയുടെയും ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ പൂർത്തീകരണ കാലാവധി ടി ഉത്തരവ് തീയതി മുതൽ 3 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1), (2) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/253/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 01-01-2026 16:40:07

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.